പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 3338

23.06.2014-ലെ മറുപടിക്ക്.

## കോടതി ഭാഷ മലയാളമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുൻസിഫ് കോടതി, മജിസ്ട്രേറ്റ് കോടതി എന്നിവിടങ്ങളിലെ കോടതി ഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;<br><br>(ബി) കോടതിഭാഷ മലയാളമാക്കുന്നതിന് സമീപകാലത്ത് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>(സി) ഇതു സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണ്; വിശദാംശം വ്യക്തമാക്കുമോ? | : (എയും, ബിയും, സിയും) ഹൈക്കോടതിയിലെയും കീഴ്ക്കോടതികളിലെയും ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച നടപടികൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് കെ.കെ.നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിൽ കോടതിഭാഷ മലയാളമാക്കുന്നതിന് മുമ്പ് താഴെപ്പറയുന്ന 7 കാര്യങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു:<br><br>i) പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപനങ്ങൾ മുതലായവ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത് കോടതിയുടെ ഉപയോഗത്തിന് സൗജന്യമായി അച്ചടിച്ചു വിതരണം ചെയ്യുക.<br>ii) ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീം കോടതി കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുക.<br>iii) ഒരു നിയമശബ്ദാവലി തയ്യാറാക്കി അച്ചടിച്ചു പ്രസിദ്ധീകരിക്കുക.<br>iv) ആവശ്യത്തിനുള്ള മലയാളം ടൈപ്പിസ്റ്റുമാരുടെയും ചുരുക്കെഴുത്തുകാരുടെയും തസ്തിക കോടതികളിൽ സൃഷ്ടിക്കുക.<br>v) ആവശ്യത്തിനുള്ള മലയാളം ടൈപ്പ്റൈറ്ററുകൾ വിതരണം ചെയ്യുക.<br>vi) കോടതി ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി ന്യായാധിപന്മാർക്കുള്ള പരിശീലനം നൽകുക.<br>vii) നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുക. |

കീഴ് കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടറിൽ മലയാളം Soft ware സ്ഥാപിക്കുന്നതിനും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ന്യായാധിപന്മാർക്ക് പരിശീലനം നൽകാൻ മതിയായ സൗകര്യം ഇപ്പോൾത്തന്നെ ഹൈക്കോടതിയിൽ നിലവിലുണ്ട്.

കോടതിഭാഷ സാധാരണക്കാരന് മനസ്സിലാക്കുന്നതിന് മലയാളത്തിൽ ആക്കണമെന്നാണ് സർക്കാരിന്റെ നയം. ഇതു സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിയ്ക്കുകയും നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

Rema.V

സെക്ഷൻ ഓഫീസർ